## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3135** 07-02-2018 -ൽ മറുപടിക്ക്

### ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2017-18 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ട്,സംസ്ഥാന സർക്കാർ ഈയാവശ്യത്തിന് ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ളത് 1,99,44,04,000/- രൂപയും ചെലവാക്കിയത് 1,77,23,50,695/- രൂപയുമാണ്. |
| ബി) | വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്ക് 2017-18 വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട്, ഈയിനത്തിൽ സംസ്ഥാന സർക്കാർ ചെലവാക്കിയ തുക എന്നിവ വിവരിക്കാമോ; | ബി) | വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിലവിൽ വകയിരുത്തിയിരുന്നത് 76,00,47,000/-രൂപയും ചെലവാക്കിയത് 61,42,13,986/- രൂപയുമാണ്. |
| സി) | ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് എന്തെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ചെയ്യുന്നത് എന്നറിയിക്കാമോ; | സി) | അംഗീകൃത ദുരന്തങ്ങളുണ്ടാകുന്ന സമയത്ത് അടിയന്തിര സ്വഭാവമുള്ള പ്രവർത്തികളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് ചെയ്യുന്നത്. കേന്ദ്ര മാനദണ്ഡ പ്രകാരം ചെയ്യാവുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ 20/05/2015-ലെ സ.ഉ(കൈ) നം.194/2015/ഡി.എം.ഡി, 23/07/2015-ലെ സ.ഉ(കൈ) നം.343/2015/ഡി.എം.ഡി, 18/01/2017-ലെ സ.ഉ(സാധാ)നം.149/2017/ ഡി.എം.ഡി എന്നിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ഡി) | 2017-18 വർഷത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ചെയ്തതോ ഭരണാനുമതി നൽകിയതോ ആയ പ്രവൃത്തികളുടെ പട്ടിക നൽകാമോ? | ഡി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ